I/106691/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/1970/2023-ICDS A7

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 21-07-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിതശിശുവികസനഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ആഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- 2023-24 അങ്കണവാടി നവീകരണം-പ്രൊപ്പോസലുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്:-

സൂചന:- ഈ കാര്യലയത്തിലെ 02/05/2023 തീയതിയിലെ ഇതേ നമ്പർ കത്ത്

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2023-24 സാമ്പത്തിക വർഷം സ്വന്തമായി കെട്ടിടമുള്ളതും ഗ്രേഡ് സി വിഭാഗത്തിൽപ്പെട്ടിട്ടുള്ളതുമായ അങ്കണവാടികൾക്ക് 2 ലക്ഷം രൂപ വരെയുള്ള നവീകരണപ്രവൃത്തി നിർവ്വഹിക്കുന്നതിനായി പ്രൊപ്പോസലുകൾ ലഭ്യമാക്കുവാൻ സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. തിരുവനന്തപുരം ,കോഴിക്കോട് ജില്ലകളിൽ നിന്നും 8 അങ്കണവാടികൾ വീതവും ബാക്കിയുള്ള ജില്ലകളിൽ നിന്നും 7 അങ്കണവാടികൾ വീതവും തെരഞ്ഞടുത്ത് നൽകുന്നതിനാണ് നിർദ്ദേശിച്ചിരുന്നത്. എന്നാൽ പല ജില്ലകളിലും സ്വന്തമായി കെട്ടിടമുള്ള ഗ്രേഡ് സി വിഭാഗത്തിൽപ്പെട്ട മതിയായ അങ്കണവാടികൾ ഇല്ല എന്ന് പ്രോഗ്രാം ആഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആകയാൽ ഗ്രേഡ് സി വിഭാഗത്തിൽപ്പെട്ട സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ ഇല്ലാത്തപക്ഷം പ്രസ്തുത ജില്ലകളിൽ നിന്നും ഗ്രേഡ് ബി വിഭാഗത്തിൽപ്പെട്ട അങ്കണവാടികൾ തെരഞ്ഞെടുത്ത് LSGD അസിസ്റ്റന്റ് എഞ്ചിനീയർ മുഖാന്തിരം തയ്യാറാക്കിയ പ്രൈസ് സോഫ്റ്റ് വെയറിലെ എസ്റ്റിമേറ്റ് സഹിതം 30/07/2023 നകം പ്രൊപ്പോസൽ ലഭ്യമാക്കേണ്ടതാണ്.

വിശ്വസ്തതയോടെ

**Signed by Anitta S Lin**
**Date: 21-07-2023 17:08:17**

വനിത ശിശു വികസന ഡയറക്ടർ

**<u>പകർപ്പ്</u>**

എല്ലാ ശിശുവികസനപദ്ധതിആഫീസർമാർക്കും